**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5602** **16-03-2023 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നിവർക്കുള്ള പഞ്ചിങ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി നോക്കുന്ന സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ശമ്പളം ബയോമെടിക് പഞ്ചിങ് അടിസ്ഥാനപ്പെടുത്തിയാണോ നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർ സമയക്രമം കൃത്യമായി പാലിക്കുന്നുവെന്നും മുഴുവൻ സമയവും ഡ്യൂട്ടിയിൽ ഉണ്ടെന്നും ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി നോക്കുന്ന സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർ മാർ/ ഓപ്പറേറ്റർമാർ എന്നിവരെ ബയോ മെടിക് പഞ്ചിങ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത്, ബയോ മെടിക് പഞ്ചിങ് സ്പാർക്കിലെ ശമ്പള വിതരണവുമായി ബന്ധപ്പെടുത്തി യിട്ടില്ല. ലിഫ്റ്റ് ഓപ്പറേറ്റർമാരെ നിരീക്ഷിക്കു ന്നതിനും നിയന്ത്രിക്കുന്നതിനുമായി ലിഫ്റ്റ് സൂപ്പർവൈസർമാരെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെ സമയ കൃത്യത പരിശോധിക്കുന്നതിനും ഇവർ മുഴുവൻ സമയവും ഡ്യൂട്ടിയിലുണ്ടെന്ന് ഉറപ്പുവരുത്തു ന്നതിനുമായി ലിഫ്റ്റ് സാർജന്റ് എന്ന തസ്തികയിൽ സെക്യൂരിറ്റി വിഭാഗത്തിൽ നിന്ന് ഒരു ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ ഡ്യൂട്ടിയിൽ പ്രവേശി ക്കുമ്പോഴും ഡ്യൂട്ടി അവസാനിക്കുമ്പോഴും ഒപ്പ് രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചി ട്ടുള്ള ഡ്യൂട്ടി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാർജന്റ് മേലൊപ്പ് പതിപ്പിച്ച് ലിഫ്റ്റ് സൂപ്പർവൈസർ അതത് മാസം ലഭ്യമാക്കുന്ന അറ്റൻഡൻസ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സീറ്റുകളിൽ നിന്നും ശമ്പളം വിതരണം ചെയ്തുവരുന്നു. |
| (ബി) | സെക്രട്ടേറിയറ്റിലെ ലിഫ്റ്റിൽ ജോലി നോക്കുന്നവരായ ലിഫ്റ്റ് സൂപ്പർവൈസർമാരും ലിഫ്റ്റ് ഓപ്പറേറ്റർമാരും പഞ്ചിങ് രേഖയുടെ അടിസ്ഥാനത്തിൽ മുഴുവൻ സമയവും ജോലി നോക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഒപ്പിട്ട ശേഷം ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നത് തടയുവാനായും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി നോക്കുന്ന സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർ മാർ/ ഓപ്പറേറ്റർമാർ എന്നിവരെ ബയോ മെടിക് പഞ്ചിങ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത്, ബയോ മെടിക് പഞ്ചിങ് സ്പാർക്കിലെ ശമ്പള വിതരണവുമായി ബന്ധപ്പെടുത്തി യിട്ടില്ല. ലിഫ്റ്റ് ഓപ്പറേറ്റർമാരെ നിരീക്ഷിക്കു ന്നതിനും നിയന്ത്രിക്കുന്നതിനുമായി ലിഫ്റ്റ് സൂപ്പർവൈസർമാരെയും ലിഫ്റ്റ് |

| | | | |
|---|---|---|---|
| | | | സൂപ്പർവൈസർമാരുടെ സമയ കൃത്യത പരിശോധിക്കുന്നതിനും ഇവർ മുഴുവൻ സമയവും ഡ്യൂട്ടിയിലുണ്ടെന്ന് ഉറപ്പുവരുത്തു ന്നതിനുമായി ലിഫ്റ്റ് സാർജന്റ് എന്ന തസ്തികയിൽ സെക്യൂരിറ്റി വിഭാഗത്തിൽ നിന്ന് ഒരു ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ ഡ്യൂട്ടിയിൽ പ്രവേശി ക്കുമ്പോഴും ഡ്യൂട്ടി അവസാനിക്കുമ്പോഴും ഒപ്പ് രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചി ട്ടുള്ള ഡ്യൂട്ടി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാർജന്റ് മേലൊപ്പ് പതിപ്പിച്ച് ലിഫ്റ്റ് സൂപ്പർവൈസർ അതത് മാസം ലഭ്യമാക്കുന്ന അറ്റൻഡൻസ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സീറ്റുകളിൽ നിന്നും ശമ്പളം വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ